**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 582** **11-06-2024 - ൽ മറുപടിയ്ക്ക്**

**ട്രഷറി നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ട്രഷറി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം മുതൽ നാളിതുവരെ എത്ര തവണ ഓവർ ഡ്രാഫ്റ്റിൽ ആയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം മുതൽ 06-06-2024 വരെ 59 ദിവസം ട്രഷറി ഓവർ ഡ്രാഫ്റ്റിൽ ആയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര തുകയ്ക്ക് മുകളിലുള്ള ബിൽ മാറുന്നതിനാണ് ട്രഷറികളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭം മുതൽ നാളിതുവരെ എത്ര തവണ ഇപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോ തവണയും എത്ര തുകയ്ക്ക് മുകളിലുള്ള ബിൽ മാറുന്നതിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആന്റ് മീൻസ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് സ്വാഭാവികമായും ട്രഷറി നിയന്ത്രണങ്ങളിൽ ഇളവ് പ്രതീക്ഷിക്കാവുന്നതാണ്. |
| (സി) | ട്രഷറി നിയന്ത്രണം എന്നത്തേക്ക് പൂർണമായി പിൻവലിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 5 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആന്റ് മീൻസ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് സ്വാഭാവികമായും ട്രഷറി നിയന്ത്രണങ്ങളിൽ ഇളവ് പ്രതീക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ